പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :672 29.10. 2019 ൽ മറുപടിക്ക്

# വൈദ്യുതി നിയമ ഭേദഗതി ബിൽ

ചോദ്യം

ശ്രീ.എസ്.ശർമ്മ.

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേന്ദ്രസർക്കാർ കൊണ്ടുവന്ന വൈദ്യുതി നിയമ ഭേദഗതി ബില്ലിൽ ക്രോസ് സബ്സിഡി സമ്പ്രദായം അവസാനിപ്പിക്കുന്നതിനും സ്വകാര്യവത്കരണത്തിനും നിർദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ക്രോസ് സബ്സിഡി സമ്പ്രദായം പൂർണമായി അവസാനിപ്പിക്കാനും ഓപ്പൺ ആക്സസ് വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾ ക്രോസ് സബ്സിഡി നിരക്കുകൾ നിലനിർത്തുന്നതിനായി നൽകേണ്ട സർചാർജ്ജ് വീലിംഗ് ചാർജ്ജിന്റെ 20% ആയി നിജപ്പെടുത്താനും, രണ്ടു വർഷം കൊണ്ട് ഒഴിവാക്കാനും കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശിക്കുന്നു. കൂടാതെ പ്രസ്തുത കരടിലെ നിർദ്ദേശങ്ങൾ രാജ്യത്തിലെ വൈദ്യുതി വിതരണ രംഗത്ത് മുതൽമുടക്കില്ലാതെ സ്വകാര്യ മേഖലക്ക് കടന്നുവരാൻ ഇടയാക്കുമെന്നും കരുതുന്നു. സ്വകാര്യ സംരംഭകരുടെ കൈവശമുള്ള വൈദ്യുതിയോടൊപ്പം KSEB Ltd പോലുള്ള പൊതുമേഖലാ സംരംഭങ്ങളുടെ ചുമതലയിലുള്ള പദ്ധതികളിൽനിന്നുമുള്ള വൈദ്യുതിയും ഉൾപ്പെടെ നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് വിൽക്കുക എന്ന ലാഭ സാധ്യത ഏറെയുള്ള സപ്ലൈ വ്യവസായത്തിലേക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനു ഭേദഗതി നിർദ്ദേശങ്ങൾ ഇടയാക്കുമെന്ന് കരുതുന്നു. |
| (ബി) എങ്കിൽ ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുന്ന ഇത്തരം വ്യവസ്ഥകൾക്ക് പരിഹാരം കാണുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ? | (ബി) നിയമ ഭേദഗതി സംബന്ധിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ വ്യവസായ-വാണിജ്യ ഗാർഹിക ഉപഭോക്താക്കളുടെ പ്രതിനിധികളും വൈദ്യുതിരംഗത്തെ മറ്റ് വിദഗ്ധരുമായി ചർച്ചകൾ നടത്തി ഭേദഗതി നിർദ്ദേശങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഈ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഭേദഗതി സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കേന്ദ്ര സർക്കാറിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ